ടെലിവിഷൻ ചാനലിന്റെ ഉള്ളടക്കം തീരുമാനിക്കുക, സോപ്പ് ഓപ്പറകൾ, സിറ്റ്കോ മുകൾ, ഡോയൻ-ഡ്രാമ, കാൻഡിഡ് ക്യാമറ ഷോകൾ, ഗെയിംഷോകൾ, ദൃശ്യ കലകൾ. ടിവി സ്ക്രിപ്റ്റുകൾ, കഥാപാത്രങ്ങളെ നിർണയിക്കൽ, ആങ്കറിങ്ങ്, കോംപിയറിങ്ങ്, പ്രസന്റേഷൻ, ആസൂത്രണ യോഗങ്ങൾ, ടെലിഫിലിമുകൾ, ഡോക്യുമെന്ററികൾ, സംഗീതപരിപാടികൾ, ടോക്ക് ഷോകൾ, ടിവി ചർച്ചകൾ, ചാറ്റ് ഷോകൾ, റിയാലിറ്റി ഷോകൾ, അന്വേഷണാത്മക സ്റ്റോറികൾ, കുറ്റാന്വേ ഷണ സ്റ്റോറികൾ, പുതിയ ഫോർമാറ്റുകൾ, വാർത്താ സംബന്ധിയായ ചർച്ച കൾ, വാർത്ത എഴുതുന്നവിധം, ഓർഡറിങ്ങ് ന്യൂസ്, പെയ്ഡ് ന്യൂസും സ്റ്റിങ്ങ് ഓപ്പറേഷനുകളും, വാർത്താ വായന, സ്പോട്ട് വാർത്ത, വാർത്താധിഷ്ഠിത പരി പാടികൾ, ടെലിവിഷനും സാഹിത്യവും, ടെലിവിഷനും സാമൂഹ്യജീവിതവും, സ്ത്രീകളുടെ പരിപാടികൾ, യുവാക്കളുടെ പരിപാടികൾ, സ്പോർട്ട്സും ഗെയിം സും, ഹ്യൂമൺ ഇന്ററസ്റ്റ് സ്റ്റോറികൾ, ഒരു ക്യാമറ ഉപയോഗിച്ചുള്ള നിർമാണം, നിരവധി ക്യാമറകൾ ഉപയോഗിച്ചുള്ള നിർമാണം, ഷോട്ടുകളും സീനുകളും, ക്യാമറാ ആംഗിളുകൾ, ക്യാമറ ഫീൽഡുകളും ലൊക്കേഷനുകളും.

**യൂണിറ്റ് 3**

**എഡിറ്റിങ്: വിവിധ വശങ്ങൾ**

എഡിറ്റിങ്ങ്, എഡിറ്റിങ്ങിന്റെ സിദ്ധാന്തം, എഡിറ്റിങ്ങിന്റെ സങ്കേതങ്ങൾ, അനലോഗ്, ഡിജിറ്റൽ, ഓഡിയോ എഡിറ്റിങ്ങും വീഡിയോ എഡിറ്റിങ്ങും, ശബ്ദസങ്കലനവും ചിത്രവും, സംഗീതം, പശ്ചാത്തലം, ഉചിതമായ ശബ്ദവീചികൾ, എഡിറ്റിങ്ങിനുള്ള സോഫ്റ്റ്‌വെയറുകൾ, സോഫ്റ്റ്‌വെയറുകളുടെ വളർച്ചയും വിലയിരുത്തലും, ഇഫക്ടുകളും സ്പെഷ്യൽ ഇഫക്ടുകളും, ലീനിയർ-നോൺ ലീനിയർ എഡിറ്റിങ്ങ്, പഴയ എഡിറ്റിങ്ങ് സ്യൂട്ടുകളും കൺസോളുകളും, ദ്രുതഗതിയിലുള്ളതും കോംപാക്ട് ആയതുമായ എഡിറ്റിങ്ങ് രീതികൾ, കഥാപാത്ര നിർണയം ഗ്രാഫിക്കുകളും, ടൈറ്റിലുകളും ക്രഡിറ്റുകളും.

**യൂണിറ്റ് 4**

**സംപ്രേഷണം, ഫ്ളോർ നിയന്ത്രണങ്ങൾ**

സാങ്കേതികതയിൽ ഊന്നിയ സംപ്രേഷണവും ട്രാൻസ്മിറ്ററും, സ്റ്റുഡിയോകൾ, റെക്കോർഡിങ്ങുകളും റീ റെക്കോർഡിങ്ങുകളും, മൈക്രോഫോണുകളും റെക്കോർഡുകളും, ഒബിവാൻ, സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ, ഇഎൻജിയും എസ്എൻജിയും - എഞ്ചിനീയറിങ്ങ് വിഭാഗം, കൺട്രോൾ റൂം, ഫ്ളോറും ഫ്ളോർ നിയന്ത്രണങ്ങളും, ക്യാമറാ ഇൻപുട്ടുകളും ഔട്ട്പുട്ടുകളും. വെബ് കാസ്റ്റിങ്ങ്, ഇന്റർനെറ്റ് ടെലിവിഷൻ, കേബിൾ നെറ്റ്‌വർക്കുകളും വയർലസ് നെറ്റ്‌വർക്കുകളും.

**യൂണിറ്റ് 5**

**നിർമാണം, ആസൂത്രണം, ബജറ്റിങ്ങ്**

നിർമാണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, രംഗരൂപങ്ങൾ, കഥാപാത്രങ്ങൾക്കാവശ്യമായ മറ്റ് ഉപകരണങ്ങൾ ഒരുക്കൽ, ചമയം, ഫ്ളോറും പ്രകാശവിതാനങ്ങളും - പ്രകാശ സന്നിവേശത്തിന്റെ ലക്ഷ്യങ്ങൾ, പ്രകാശത്തിന്റെ കേന്ദ്രങ്ങൾ - ബാക്ക് ലൈറ്റ്, കീ ലൈറ്റ്, ഫിൽ ലൈറ്റ്, ഹാർഡ് ലൈറ്റ്, സോഫ്ട് ലൈറ്റ്, റിഫ്ളക്ടറുകളും ഫ്ളഡ് ലൈറ്റുകളും. ബഡ്ജറ്റിങ്ങും ആസൂത്രണവും - വിവിധതരം ക്യാമറകളും ക്യാമറാ യൂണിറ്റുകളും, ട്രോളികളും ക്രെയിനുകളും, മൈക്രോഫോൺ, ഇൻഡോറിലും ഔട്ട് ഡോറിലുമുള്ള സംവിധാനങ്ങൾ, ഡബ്ബിങ്ങും ഡബ്ബിങ്ങിനു ശേഷവും. രംഗസംവിധാനങ്ങൾ, ഫ്ളോർ മാനേജർമാർ, ആർട്ട് ഡയറക്ടർമാർ, നിർമാതാക്കൾ, പ്രോഗ്രാം എക്സിക്യൂട്ടീവുകൾ, സൗണ്ട് എഞ്ചിനീയർമാർ.

**പ്രായോഗിക പരിശീലനം**: (i) ടെലിവിഷനായി രചന നടത്തുക. വിവിധ ഫോർമാറ്റുകളിൽ വിവിധ ഇനം ചിത്രങ്ങൾ വ്യത്യസ്ത ദൈർഘ്യം ഉള്ളവ (ഇൻഡോറും ഔട്ട് ഡോറും). ഒരു വാർത്താബുള്ളറ്റിൻ തയാറാക്കി ഇറക്കുക.

**സഹായകഗ്രന്ഥങ്ങൾ**


രാജശേഖരൻ കെ.എസ് 2011, ദൃശ്യ ഭാഷ, തിരുവനന്തപുരം, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മലയാളം ദൂരദർശനെക്കുറിച്ച് അറിയുവാൻ - (പൊതുവായനക്ക്)

Ahuja B.N,1988, ***Audio Visual Journalism,*** Surjeet Publishers,

Belson, W.A, 1965, ***The Impact of Television,*** Crosby Lockwood & Son.

Barwise, Patrick D, & Andrew Ehrenberg,1988,***Television and its Audience,*** Sage Publications.

Cohler, David Keith, 1994, ***Broadcast Journalism: A guide for the presentation of radio & television news***, Prentice Hall.

Fiske, John, 2010, ***Television Culture,*** Taylor and Francis.

Fiske, John & Hatley, John, 2003, ***Reading Television,*** Routledge,

Gauntlett, David,1999, ***TV Living: Television, Culture & Everyday life,*** Routledge.

Gripstrud, Jostein, 2002, ***Television and Common Knowledge (Comedia),*** Routledge.

Shrivastava, K.M,1990, ***Radio and Television News,*** Delhi: Sterling Publishers.

Smith, Anthony, Richard Paterson,1998,***Television: an international history,*** OUP.

Stewart, Peter, Alexander, Ray, 2008, **Broadcast Journalism : Techniques of Radio and Television News**, London, Focal Press.

Tyrell,R,1981 ***Work of the Television Journalist,*** London: Focal Press.

## MU MCJ 5313 കമ്യൂണിക്കേഷൻ റിസർച്ച്

### യൂണിറ്റ് 1

### ഗവേഷണം: രീതികൾ, സാദ്ധ്യതകൾ

കമ്യൂണിക്കേഷൻ ഗവേഷണത്തിന്റെ അടിസ്ഥാനതത്വങ്ങളും, ഗവേഷണത്തിന്റെ പ്രകൃതവും സാദ്ധ്യതകളും, ബഹുജന മാധ്യമ ഗവേഷണത്തിന്റെ വികാസം, ഗവേഷണത്തിന്റെ വിവിധ വശങ്ങളും, ഗവേഷണരീതികളും സ്വഭാവങ്ങളും, വിവരശേഖരത്തിന് സഹായകമായ കേന്ദ്രങ്ങൾ, ഇന്ത്യയിലെ കമ്യൂണിക്കേഷൻ ഗവേഷണങ്ങളെ വിലയിരുത്തുക-സൈറ്റ്, ഖേഡ പദ്ധതികൾ, ഐഐഎംസിയുടെ പിറവി.

### യൂണിറ്റ് 2

### എഴുതുന്ന ശൈലി, വിശകലനങ്ങൾ

ഗവേഷണരീതികൾ വിഷയം തെരഞ്ഞെടുക്കുമ്പോൾ, വിഷയത്തിന്റെ പ്രസക്തി, ആധാരകൃതികളെ വിലയിരുത്തുക, സാഹിത്യവിമർശനം, എഴുതുന്ന ശൈലി, പരികല്പനകൾ അഥവാ സങ്കല്പനകൾ കണ്ടെത്തുന്ന രീതിയും ഗവേഷണസംബന്ധിയായ ചോദ്യങ്ങളും, വിശകലനങ്ങളും വിലയിരുത്തലുകളും, സംഗ്രഹം, കൂടുതൽ അന്വേഷണത്തിനായുള്ള ചോദ്യങ്ങളും പ്രശ്നങ്ങളും

### യൂണിറ്റ് 3

### നിർവചനങ്ങൾ, വിലയിരുത്തൽ

ഗവേഷണ സമീപനം, ക്വാളിറ്റേറ്റിവ് ഗവേഷണരീതി, പരിസര നിരീക്ഷണം, ശ്രദ്ധ ചെലുത്തേണ്ടുന്ന സംഘങ്ങൾ, അഭിമുഖങ്ങൾ, കേസ് സ്റ്റഡികൾ, ഉള്ളടക്കം വിശകലനം ചെയ്യൽ, നിർവചനങ്ങൾ, ഉള്ളടക്കം വിശകലനം ചെയ്യുമ്പോഴുള്ള രീതികൾ, വിശ്വാസ്യതയും മൂല്യവും, സർവേ ഗവേഷണം, വിവരണാത്മകവും വിശകലനാത്മകവുമായ സർവേകൾ. സ്ഥിതിവിവരക്കണക്കുകൾ വിലയിരുത്താനുതകുന്ന ഡേറ്റാ ലഭ്യമാകുന്നതരം ഗവേഷണ രീതികൾ. നിർവ്വചനങ്ങളും ഘടകങ്ങളും, ക്വാളിറ്റേറ്റിവ്, ക്വാണ്ടിറ്റേറ്റിവ് രീതികൾ അവലംബിച്ച വിലയിരുത്തൽ, സാംപ്ലിങ്ങ് രീതികൾ, നീക്കങ്ങൾ, മീഡിയ എത്ത്നോഗ്രാഫി

## യൂണിറ്റ് 4

### കണക്കെടുപ്പ്: വ്യത്യസ്ത രീതികൾ

കമ്യൂണിക്കേഷൻ ഗവേഷണത്തിനാവശ്യമായ സ്റ്റാറ്റിസ്റ്റിക്സ് കണക്കെടുപ്പിനൊരു മുഖവുര, അടിസ്ഥാനപരമായ സ്റ്റാറ്റിസ്റ്റിക്കൽ രീതികൾ, കൈ സ്ക്വയർ, ടി ടെസ്റ്റ്. കേന്ദ്രീകൃത പ്രവണതകളുടെ വ്യാപ്തി, ഫ്രീക്വൻസി ഡിസ്ട്രിബ്യൂഷൻ, പ്രസക്തി സംബന്ധിച്ച പരിശോധനകൾ(സിഗ്നിഫിക്കൻസ് ടെസ്റ്റ്) , വിശ്വാസ്യത, മൂല്യം, കോറിലേഷൻ.

## യൂണിറ്റ് 5

### ഗവേഷണം: വിവിധ മേഖലകളിൽ

ഗവേഷണ രീതിശാസ്ത്രത്തിലെ എഴുത്ത്, അച്ചടി മാധ്യമങ്ങളിലെ ഗവേഷണം, ഇലക്ട്രോണിക് മാധ്യമത്തിലെ ഗവേഷണം, പരസ്യരംഗത്തെ ഗവേഷണം, പബ്ലിക് റിലേഷൻസ് രംഗത്തെ ഗവേഷണം, ഇന്റർനെറ്റ് രംഗത്തെ ഗവേഷണം. എഴുത്തിന്റെ ശൈലി, ഒരു ഗവേഷണ റിപ്പോർട്ട് എഴുതുന്ന വിധം, ഗവേഷണ റിപ്പോർട്ട് അവസാനിപ്പിക്കുന്ന വിധം, രചനാപരിശീലനം.

### സഹായകഗ്രന്ഥങ്ങൾ


Berger,Arthur Asa, 1998, ***Media Research Techniques,*** Sage Publications.

Berger,Arthur Asa, 2012, ***Media Analysis Techniques***, Sage Publications.

Creswell,John W, 2003. ***Research Design: Qualitative, Quantitative and Mixed Methods Approaches,*** Sage Publications.

Katz, Daniel, Festinger, Lean, 1963, ***Research methods in the behavioral Sciences,*** Holt, Rinehart&Winston.

Kerlinger, Fred N, Howard B. Lee,1999, ***Foundations of Behavioral Research,*** Cengage Learning.

Lowery S.A. & De Fluer M.L, 1995, ***Milestones in Mass Communication Research***, Longman.

Oppenheim A.N,1992, ***Questionnaire Design, Interviewing and Attitude Measurement,*** Continuum.

Stempel, Guido Hermann ,Bruce H. Westley, 1989, ***Research methods in mass communication***, Prentice Hall.

Wimmer, Roger,D, Joseph R, Dominic, 2010, ***Mass Media Research: An Introduction,*** USA: Wadsworth.

## MU MCJ 5314 ഐച്ഛികം

## സൈബർ മാധ്യമങ്ങളും ടെക്നിക്കൽ റൈറ്റിങ്ങും

### യൂണിറ്റ് 1

### ടെക്നിക്കൽ റൈറ്റിങ്

ടെക്നിക്കൽ റൈറ്റിങ്ങിന്റെ അടിസ്ഥാന തത്വങ്ങൾ, നിർവചനങ്ങൾ, ഉത്ഭവവും വളർച്ചയും. ടെക്നിക്കൽ റൈറ്റിങ്ങും മറ്റുതരം എഴുത്തും തമ്മിലുള്ള വ്യത്യാസം. ടെക്നിക്കൽ റൈറ്റിങ്ങിന്റെ അവസാന ഉല്പന്നം - ടെക്നിക്കൽ റിപ്പോർട്ടുകൾ, പദ്ധതികൾ സംബന്ധിച്ച നിർദേശങ്ങൾ തയാറാക്കൽ, പ്രോജക്റ്റ് സംബന്ധിച്ചു സംക്ഷിപ്ത റിപ്പോർട്ട് തയാറാക്കൽ, പ്രോജക്റ്റ് രേഖകൾ തയാറാക്കൽ, സാങ്കേതിക പ്രതിഷ്ഠാപനം, ഉപഭോക്തൃ നിർദേശ പുസ്തകം.

### യൂണിറ്റ് 2

### എഴുതുന്ന രീതി, ശൈലികൾ

എഴുത്തിന്റെ രീതി - എഴുതുന്ന രീതി, എഴുത്തിന്റെ ലക്ഷ്യം, എന്ത് എഴുതണമെന്നതിനെക്കുറിച്ചുള്ള വ്യക്തമായ ധാരണ - ലക്ഷ്യമിടുന്ന വായനക്കാരെ കുറിച്ചും അന്തിമമായി പ്രയോജനപ്പെടുന്നത് ആർക്കൊക്കെയെന്നും, വസ്തുതകൾ/ദത്ത ശേഖരണം, ഉള്ളടക്കം എന്തായിരിക്കണമെന്ന് വ്യക്തമായ ധാരണ ഉണ്ടാക്കിയ ശേഷമുള്ള സംഘാടനം, ടെക്നിക്കൽ റൈറ്റിങ്ങിലെ ശൈലികൾ, വ്യക്തത, സംഗ്രഹണം, യുക്തിഭദ്രമായ തുടർച്ചയോടെ എഴുതുന്ന രീതി, കരട് എഴുത്ത്, കരട് സംശോധനയ്ക്കു ശേഷമുള്ള എഴുത്ത്, ഗ്രാഫിക്സിന്റെയും ഇല്ലസ്ട്രേഷനുകളുടെയും ഉപയോഗം

### യൂണിറ്റ് 3

### ഡിസൈൻ തത്വങ്ങൾ, ഇല്ലസ്ട്രേഷനുകൾ

എഴുത്തുകാർ: പങ്കും നിയമങ്ങളും, എഴുത്തുകാരുടെ/എഡിറ്റർമാരുടെ/പ്രോജക്റ്റർമാരുടെ പങ്കും ഉത്തരവാദിത്തങ്ങളും. ഡോക്യുമെന്റിന്റെ സ്വഭാവരീതി - സോഫ്റ്റ്‌വെയറിലും ഹാർഡ്‌വെയറിലും പകർത്തുക, ഡിസൈനുകളോടെ. ഒരു

ടെക്നിക്കൽ ഡോക്യുമെന്റ് തയാറാക്കുക - പങ്കാളികളാകുന്ന പ്രൊഫഷണലുകൾ - പ്രോജക്ട് മാനേജർ/എഡിറ്റർ, എഴുത്തുകാർ, ഗ്രാഫിക് ആർട്ടിസ്റ്റുകൾ, പ്രോജക്റ്റ് എഞ്ചിനീയർമാർ, ശാസ്ത്രജ്ഞർ, മറ്റു ബന്ധപ്പെട്ട കക്ഷികൾ എന്നിവരുമായുള്ള സഹവർത്തിത്വം, എഡിറ്റിങ്ങ്: ഭാഷ, ശൈലി, കോപ്പിക്ക് പൂർണത നൽകുക. ഡിസൈൻ: ഡിസൈൻ തത്വങ്ങൾ, ഗ്രാഫിക്കുകൾ, ഇല്ലസ്ട്രേഷനുകൾ, ഡിസൈനിന്റെ അടിസ്ഥാന തത്വങ്ങൾ.

### യൂണിറ്റ് 4

### വെബ് ജർണലിസം, ഇന്റർനെറ്റ്

വെബ് ജേർണലിസം, നിർവചനം, ഉത്ഭവം, വളർച്ച, സമകാലിക പ്രസക്തി. നവമാധ്യമങ്ങളും പഴയ മാധ്യമങ്ങളിൽ നിന്ന് അവയ്ക്കുള്ള വ്യത്യാസവും. വെബ് ജേർണലിസത്തിന്റെ ഗുണഭോക്താക്കൾ. ഇന്റർനെറ്റിന്റെ സാങ്കേതികവശങ്ങൾ, ഇന്റർനെറ്റിന്റെ ഉടമസ്ഥതയും ഭരണനിർവഹണവും, വ്യത്യസ്തതരം ഇന്റർനെറ്റ് കണക്ഷനുകൾ, ഇന്റർനെറ്റ് പ്രോട്ടോക്കോൾ, സെർച്ച് എഞ്ചിനും സെർച്ച് എഞ്ചിൻ ഓപ്റ്റിമൈസേഷനും, വെബ് പേജ് ഡിസൈനിങ്ങിന് ആമുഖം.

### യൂണിറ്റ് 5

### ഓൺലൈൻ റിപ്പോർട്ടിങ്, പരസ്യം, സുരക്ഷാപ്രശ്നങ്ങൾ

ഓൺലൈൻ റിപ്പോർട്ടിങ്ങ്, വാർത്താ ശേഖരണത്തിനുള്ള ഉപകരണങ്ങൾ, വെബ്ബിനായി എഴുതുന്ന വിധം - തത്വങ്ങൾ, പരിമിതികൾ, പുതിയ പ്രവണതകൾ. വെബ് ഉള്ളടക്കം എഡിറ്റ് ചെയ്യുന്ന വിധം, ഓൺലൈൻ എഡിഷനുകളുടെ ഭരണനിർവഹണവും സാമ്പത്തിക ശാസ്ത്രവും, ഓൺ ലൈൻ പരസ്യങ്ങൾ - വിവിധതരത്തിലുള്ളവ. ഇന്റർനെറ്റിന്റെ സുരക്ഷാ പ്രശ്നങ്ങൾ - സാമൂഹ്യവും രാഷ്ട്രീയവും നിയമപരവുമായവയും വിവര, സൈബർ സാങ്കേതികതയും നൈതികതയും. സൈബർ നിയമങ്ങളും എത്തിക്സും. പുതിയ പ്രവണതകൾ -വ്ളോഗിങ്ങ്, സിറ്റിസൺ ജേണലിസം. മിഥ്യാ സമൂഹനിർമിതി, വെബ് ജേണലിസത്തിന്റെ ഭാവി.

### സഹായകഗ്രന്ഥങ്ങൾ

Aitchison, J & Lewis D.M, 2003, ***New media language,*** UK: Routledge.

Gehee,Brad Mc,1984, ***The complete Guide to Writing Software User Manuals,*** Writer's Digest Books.

Grimm, Susan J,1987, ***How to write computer documentation for users,*** Van Nostrand Reinhold.

McGuire,Peter J, and Sara M. Putzell,1988,***A Guide to Technical Writing,*** Harcourt.

Mills , Gordon H.&John A. Walter, Marion Smith, 1986, ***Technical Writing*** , Holt, Rinehart & Winston.

Pavlik, John V, 2001, ***Journalism and New Media,*** Columbia University Press.

Peter Zorkoczy,1982,***Information technology: an introduction,*** , Knowledge Industry Publications.

Robinson, Patricia A,1985, ***Fundamentals of Technical Writing,*** Houghton Mifflin College Division.

Robert W. Bly and Gary Blake,1982, ***Technical Writing : Structure,Standards and Style***, McGraw Hill,

Roland De Wolk, 2001, ***Introduction to online journalism: publishing news and information,*** Allyn and Bacon.

Samson , Donald C.Jr, 2002, ***Editing Technical Writing***, USA, Oxford University Press.

## MU MCJ 5316 പ്രായോഗിക പരിശീലനം

(i) ദൃശ്യമാധ്യമത്തിനായി ഒരു നിർമിതി

ഐച്ഛികം: (ii) വെബ് ഡിസൈനിങ്

## നാലാം സെമസ്റ്റർ

MU MCJ 5417 ഇന്റർനാഷണൽ ആൻഡ് ഡവലപ്മെന്റ് കമ്യൂണിക്കേഷൻ

MU MCJ 5418
(i) പരസ്യം, പബ്ലിക് റിലേഷൻസ്, കോർപ്പറേറ്റ് കമ്യൂണിക്കേഷൻ
(ii) അഡ്വാൻസ്ഡ് കമ്യൂണിക്കേഷൻ

MU MCJ 5419 ഗവേഷണ പ്രബന്ധം
(i) വാചാ പരീക്ഷ
(ii) ഇന്റേൺഷിപ്പ് (മാർക്ക് ഇല്ല. കോഴ്സിന്റെ ഭാഗമായി നാല് ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം അംഗീകൃത മാധ്യമ സ്ഥാപനത്തിൽ ചെയ്യേണ്ടതാണ്.)

## MU MCJ 5417 ഇന്റർനാഷണൽ ആൻഡ് ഡവലപ്പ്മെന്റ് കമ്യൂണിക്കേഷൻ

### യൂണിറ്റ് 1

### വാർത്താ വിനിമയവും, മനുഷ്യാവകാശങ്ങളും

വാർത്താവിനിമയം ഒരു മനുഷ്യാവകാശമെന്ന നിലയിൽ - വാർത്താവിനിമയവും മനുഷ്യാവകാശങ്ങളും സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര പ്രഖ്യാപനം, മക്ബ്രൈഡ് കമ്മിഷൻ, റിപ്പോർട്ട്, നാനാനാദം ഏകലോകം, എൻ ഡബ്ളിയു ഐ സി ഒ, അന്താരാഷ്ട്ര വാർത്താവിനിമയത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ മാനങ്ങൾ.

മാധ്യമ സമ്പ്രദായങ്ങളുടെയും വിവരധാരയുടെയും ജനാധിപത്യവൽക്കരണം, മാധ്യമ ഘടനയുടെയും അവയുടെ പ്രവർത്തനങ്ങളുടെയും മേൽ ആഗോള വൽക്കരണത്തിന്റെ പ്രതിഫലനങ്ങൾ, സുരക്ഷയുടെയും പരമാധികാരത്തിന്റെയും പ്രശ്നങ്ങൾ, അന്താരാഷ്ട്ര മാധ്യമ സ്ഥാപനങ്ങൾ

### യൂണിറ്റ് 2

### വികസനം, ബദൽ സങ്കേതങ്ങൾ

വികസനം: സങ്കല്പവും നിർവചനങ്ങളും. വികസന ന്യൂനതകളുടെ കാരണങ്ങൾ. വികസനത്തോടുള്ള സമീപനം, നിലപാട്. വികസ്വര രാജ്യങ്ങളുടെ രീതി, വികസനത്തിന്റെ സൂചകങ്ങൾ. വികസനത്തിന്റെ മാതൃകകൾ, ആദംസ്മിത്ത്, റിക്കാർഡോ, മാൽത്യൂസ്, റോസ്റ്റോവ്, മാർക്സ്, മഹാത്മാഗാന്ധി - വികസനത്തിന്റെ പ്രമുഖ വക്താക്കളുടെയും വിമർശകരുടെയും ആശയസങ്കേതം.

വികസനത്തിന്റെ ബദൽ സങ്കേതങ്ങൾ, സമഗ്ര ഗ്രാമവികസനം, പങ്കാളിത്ത രൂപം വികസന സങ്കൽപത്തിൽ. വികസനത്തിന്റെ കേരള മാതൃക- വാദങ്ങൾ, വിമർശനങ്ങൾ.

### യൂണിറ്റ് 3

### ഡവലപ്പ്മെന്റ് കമ്യൂണിക്കേഷൻ, ഗ്രാമവികസനം

ഡവലപ്പ്മെന്റ് കമ്യൂണിക്കേഷൻ - സങ്കല്പം, നിർവചനം, രീതി. ഡവലപ്പ്മെന്റ് കമ്യൂണിക്കേഷനിൽ മാധ്യമങ്ങൾക്കുള്ള പങ്ക്. ഡവലപ്പ്മെന്റ് കമ്യൂണിക്കേഷന് തടസ്സമായി നിൽക്കുന്ന സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പ്രശ്നങ്ങൾ.

ലേർണർ, സ്ഷ്രാം, റോജേഴ്സ് എന്നിവരുടെ ഡവലപ്പ്മെന്റ് കമ്യൂണിക്കേഷന്റെ മാതൃകകൾ. ഇന്ത്യയിലെ ഗ്രാമവികസനം.

**യൂണിറ്റ് 4**

**ഇന്ത്യയുടെ നയം, ആസൂത്രണം**

ഡവലപ്പ്മെന്റ് കമ്യൂണിക്കേഷൻ സംബന്ധിച്ച ഇന്ത്യയുടെ നയം - പ്രവർത്തന പദ്ധതി, രാഷ്ട്രീയ വികേന്ദ്രീകരണം, പഞ്ചായത്തിരാജ്, ദേശീയ, സംസ്ഥാന, മേഖലാ, ജില്ലാ, ബ്ലോക്ക്, ഗ്രാമതലത്തിലുള്ള ആസൂത്രണം, വികസനത്തെ പിന്തുണയ്ക്കുന്ന വാർത്താവിനിമയം - കാർഷിക

**യൂണിറ്റ് 5**

**വികസനം, ആവിഷ്കാരങ്ങൾ**

വിവരവിനിമയ സാങ്കേതികത വികസനത്തിൽ, നാടൻ, പാരമ്പര്യ മാധ്യമങ്ങളെക്കുറിച്ചും വികസനത്തിൽ അവയുടെ പങ്കിനെക്കുറിച്ചും ഒരു വിഹഗവീക്ഷണം. വികസനവും നൈതികതയും, സാമൂഹിക ഉദ്ഗ്രഥന ആശയങ്ങൾ, നിർവചനങ്ങൾ, മാനങ്ങൾ. സുസ്ഥിര വികസനം, വികസനത്തിൽ സ്ത്രീകൾ (WLD) ലിംഗഭേദവും വികസനവും (GAD). ഇക്കോ ഫെമിനിസം, കേരളത്തിലെ പരിസ്ഥിതി സമരങ്ങളും മലയാള മാധ്യമങ്ങളും, സമൂഹത്തിൽ ലിംഗഭേദക്രമത്തിലെ ആവിഷ്കാരങ്ങൾ, രാജ്യാന്തര വികസന വിനിമയ രീതികളിലെ പദാവലി

**സഹായകഗ്രന്ഥങ്ങൾ**

Agarwal B.C & Malek M.R, 1986, ***Television in Kheda***, New Delhi: Concept Publishing Co.

Banerjee, Sumanta,1979, ***Family Planning Communication: A Critique of the Indian Programme,*** Radiant.

Cheng, Jei cheng, 1979, ***Media Policies and National Development: Characteristics of sixteen Asian Countries***, *University Microfilms International, Vol. 39*

Daniel, Lerner,1958, ***The Passing of Traditional Society: Modernizing the Middle East,*** Free Press,

Desai, ***M.V,1977, Communication Policies in India: SITE Reports***: Unesco

Dube.S.C,1998,***India's Changing Villages: Human Factors in Community Development,*** Taylor & Francis.

Edgar, Patricia, Ataur Rahim, Syed, 1983, ***Communication policy in Developed Countries,*** Honolulu, Kegan Paul International in association with the East West Center.

## MU MCJ 5418 ഐച്ഛികം

5418 (i) : പരസ്യം, പബ്ലിക് റിലേഷൻസ്, കോർപ്പറേറ്റ് കമ്യൂണിക്കേഷൻ

(ii) : അഡ്വാൻസ്ഡ് കമ്യൂണിക്കേഷൻ

## MU MCJ 5418 (i) പരസ്യം, പബ്ലിക് റിലേഷൻസ്, കോർപ്പറേറ്റ് കമ്യൂണിക്കേഷൻ

### യൂണിറ്റ് 1

### പരസ്യം, ആസൂത്രണം

പരസ്യങ്ങളുടെ ആവിർഭാവം, സമൂഹത്തിൽ പരസ്യങ്ങളുടെ പങ്ക്, വിവിധതരം പരസ്യങ്ങൾ, പരസ്യ ഏജൻസികൾ, പരസ്യ കാംപെയ്നുകൾ ആസൂത്രണം ചെയ്യുന്ന രീതി, പരസ്യം എന്ന മാധ്യമം.

### യൂണിറ്റ് 2

### പരസ്യവും മാർക്കറ്റിങ് കമ്യൂണിക്കേഷനും

പരസ്യകോപ്പി, ദൃശ്യ ആവിഷ്കാരങ്ങളുടെ ലേ ഔട്ട്, തത്വങ്ങൾ, സ്വഭാവ സവിശേഷതകൾ, അച്ചടി മാധ്യമങ്ങൾക്കും റേഡിയോവിനും ടെലിവിഷനും പരസ്യ കോപ്പികൾ എഴുതി തയാറാക്കുന്ന വിധം. മാർക്കറ്റിങ്ങ് കമ്യൂണിക്കേഷൻ സംവിധാനത്തിൽ പരസ്യങ്ങൾ വഹിക്കുന്ന പങ്ക്.

### യൂണിറ്റ് 3

### പബ്ലിക് റിലേഷൻസ്, പ്രസ് റിലീസുകൾ

പബ്ലിക് റിലേഷൻസ് എന്ന സങ്കല്പം, രീതി, സാദ്ധ്യതകൾ. പബ്ലിക് റിലേഷൻസ്കാരുടെ ചുമതലകൾ. പബ്ലിക് റിലേഷൻസിന്റെ ആവിർഭാവം, സ്ഥാപനത്തിൽ പബ്ലിക് റിലേഷൻസ്കാരുടെ ഘടന ഒരു പബ്ലിക് റിലേഷൻസ് ഓഫീസറുടെ വിദ്യാഭ്യാസ യോഗ്യതകളും ഉത്തരവാദിത്തങ്ങളും, പി. ആർ പ്രസിദ്ധീകരണങ്ങൾ തയാറാക്കുന്ന വിധം - പ്രസ് റിലീസ്, ബ്രോഷർ, അനുബന്ധങ്ങൾ, മീഡിയ കിറ്റുകൾ, പത്രസമ്മേളനങ്ങൾ, ഓൺലൈൻ പിആർ, ഓപ്പൺ ഹൗസ്.

### യൂണിറ്റ് 4

### പബ്ലിക് റിലേഷൻസ്: വ്യത്യസ്ത രംഗങ്ങളിൽ

പബ്ലിക് റിലേഷൻസ് - വ്യത്യസ്തതരം, സ്ഥാപനത്തിനകത്തും പുറത്തും ഉള്ള പ്രവർത്തനം, സ്റ്റോക്ക് ഹോൾഡർ ബന്ധങ്ങൾ, സപ്ലൈസ് റിലേഷൻസ്, കസ്റ്റ

മർ റിലേഷൻസ്, ഗവൺമെന്റ് റിലേഷൻസ്, മാധ്യമ റിലേഷൻസ്, കമ്യൂണിറ്റി റിലേഷൻസ്, എംപ്ലോയീ റിലേഷൻസ്.

### യൂണിറ്റ് 5

### കോർപ്പറേറ്റ് കമ്യൂണിക്കേഷൻസ്

കോർപ്പറേറ്റ് കമ്യൂണിക്കേഷൻസ് - രീതി, അർത്ഥം, ചുമതലകൾ. ബ്രാൻഡ് സ്ട്രാറ്റജി, കോർപ്പറേറ്റ് പരസ്യങ്ങൾ, കോർപ്പറേറ്റ് വ്യക്തിത്വം, കോർപ്പറേറ്റ് സംസ്കാരം, കോർപ്പറേറ്റ് പരോപകാരതല്പരത, കോർപ്പറേറ്റ് സാമൂഹ്യ പ്രതിബദ്ധത, അതിന്റെ പ്രസക്തി, സാമൂഹ്യ പ്രതിബദ്ധത കേന്ദ്രീകരിക്കേണ്ട തലങ്ങൾ,

### സഹായകഗ്രന്ഥങ്ങൾ


Argenti, Paul. A, 2012, ***Corporate Communication,*** McGraw Hill Education.

Belch, George E, Michael A. Belch, 2003, ***Advertising and Promotion: An Integrated Marketing Communications perspective, 6/e with power web,*** McGraw Hill.

Beverly, Daren, Port Sypher, 1997, ***Case Studies in Organizational Communication: Perspective on Contemporary Work Life,*** NewYork: The Guilford Press.

Chandan.J.S, Jagjit Singh, Malhan.P.N, 1990, ***Essentials of Advertising,*** New Delhi: Oxford & IBH Publishers.

David Ogilvy, 1985, ***Ogilvy on Advertising,*** Vintage Books.

Jones, John Philip, 1998, ***What's in a Brand? Building Brand Equity Through Advertising,*** Tata McGraw Hill Education,

Kotler, Philip, Kevin, Keller, 2011, ***Marketing Management,*** Prentice Hall,

Kreps, gary L 1990, ***Organizational Communication: Theory and Practice***, Longman.

Myers, Greg L, 1998, ***Ad worlds: Media, audience,*** Bloomsbury Acdemic.

Otis W, Baskin, Craig E Aronoff, Dan, Lattimore, 1997, ***Public Relations: The Profession and the Practice,*** Brown & Benchmark Publishers.

Otto Kleppner, 1950, ***Advertising procedure,*** Prentice Hall.

Quirke, Bill, 1966, ***Communication and Public Relations,*** Columbus Ohio Merril.

Sengupta, Subroto, 2005, ***Brand Positioning: Strategies for Competitive Advantage,*** Tata McGraw Hill Education.

Sethia.K.C, Chunawalla.S.A, 1987, ***Advertising Principles and Practice,*** New Delhi: Pearson Education.

Sheriyl K, Ziegler, and Herbert H, Howard, 1990, ***Broadcast Advertising,*** Iowa State Press,

Sissors Z, Jack and Roger B.Baron, ***2010, Advertising media planning,*** NewYork, London: Mc Graw Hill.

## MU MCJ 5418 (ii) അഡ്വാൻസ്ഡ് കമ്യൂണിക്കേഷൻ

### യൂണിറ്റ് 1

**സാമ്പത്തിക സിദ്ധാന്തങ്ങൾ, നയങ്ങൾ**

സാമ്പത്തിക സിദ്ധാന്തങ്ങളിലേക്കും നയങ്ങളിലേക്കും ഒരു വിഹഗവീക്ഷണം. വ്യവസായ നയങ്ങൾ, കോർപ്പറേറ്റ് ഘടനയും സാമ്പത്തിക സ്ഥാപനങ്ങളും, ബഹുരാജ്യ കമ്പനി നിയമങ്ങളിലെ നിലീനമായ സവിശേഷതകളും. പ്രധാന സ്വഭാവങ്ങൾ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ തൊഴിൽ നിയമങ്ങൾ.

### യൂണിറ്റ് 2

**ബജറ്റ്, ഷെയർ മാർക്കറ്റ്**

ബജറ്റ് വ്യവസ്ഥകൾ മനസ്സിലാക്കുകയും വിശകലനം ചെയ്യുകയും - സ്റ്റോക്ക് ഓപ്പറേഷനുകൾ, ഷെയറുകളും ഡിബഞ്ചറുകളും ഫ്ളോട്ട് ചെയ്യുന്ന വിധം, ഷെയർ മാർക്കറ്റ്, കോർപ്പറേറ്റ് ഭരണകർതൃത്വം.

### യൂണിറ്റ് 3

**ബിസിനസ് കറസ്പോണ്ടൻസ്, റിപ്പോർട്ടിങ്**

ബിസിനസ് കറസ്പോണ്ടൻസ്, റിപ്പോർട്ടിങ്ങും പ്രൊപ്പോസലുകളും, റിപ്പോർട്ട് ആസൂത്രണം ചെയ്യുന്ന വിധം, ഗവേഷണം, വാർഷിക റിപ്പോർട്ടുകൾ തയാറാക്കൽ, ബിസിനസ് വിശകലനം, വ്യവസായ-സാമ്പത്തിക പ്രവണതകളെക്കുറിച്ച് ആഴത്തിലുള്ള റിപ്പോർട്ടുകൾ, സ്ഥാപനങ്ങളും വ്യവസായങ്ങളും.

### യൂണിറ്റ് 4

**ശാസ്ത്ര വാർത്തകൾ, പുതിയ പ്രവണതകൾ**

നിർവചനം, ശാസ്ത്ര-സാങ്കേതിക വാർത്താവിനിമയത്തിന്റെ പ്രകൃതവും സാദ്ധ്യതകളും, ശാസ്ത്രകഥകൾ - വിവിധ ഇനത്തിൽ പെട്ടവ, ശാസ്ത്രവാർത്തകൾ

ലഭ്യമാകുന്ന കേന്ദ്രങ്ങൾ, ഇന്ത്യയിലെ പ്രമുഖ ശാസ്ത്ര-സാങ്കേതിക പ്രവർത്ത നങ്ങൾ, ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളും വ്യക്തികളും, മാധ്യമങ്ങളിലൂടെ ശാസ്ത്രവിഷയങ്ങളിൽ ആഭിമുഖ്യം വളർത്തുന്ന രീതി, പുതിയ പ്രവണതകൾ

**യൂണിറ്റ് 5**

**പരിസ്ഥിതി പ്രശ്നങ്ങൾ, വാർത്തകൾ**

നിർവചനം, പരിസ്ഥിതി വാർത്തകളുടെ പ്രകൃതവും പ്രാധാന്യവും. പ്രാദേശിക -ദേശീയ-അന്തർദേശീയ പരിസ്ഥിതി പ്രശ്നങ്ങൾ, പരിസ്ഥിതി ദുരന്തങ്ങൾ. അന്ത രീക്ഷ മലിനീകരണം - മനുഷ്യരാൽ സൃഷ്ടിക്കപ്പെടുന്നതും പ്രകൃതിയാൽ സൃഷ്ടിക്കപ്പെടുന്നതും. പരിസ്ഥിതിയും പരിസ്ഥിതി ശാസ്ത്രവും സംരക്ഷി ക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക്, പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ, പരിസ്ഥിതി വാർത്തകൾ അവതരിപ്പിക്കുന്ന വ്യത്യസ്തരീതികൾ - സോദാഹരണപഠനങ്ങൾ - പ്രമുഖ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ പ്രവർത്തനാവലോകനവും ഇന്ത്യയിലെ മാധ്യമങ്ങളുടെ പ്രതികരണവും.

**സഹായകഗ്രന്ഥങ്ങൾ**


Anthony, Wilson, 1998, ***Handbook of Science Communication***, CRC Press.

Bernal,J.D, 2003, ***Indian Journal of History of Science Vol. 38***, National Institute of Sciences of India,

Chaturvedi, Mukesh, Chaturvedi P.D. (Eds), 2002, ***Business Communication: Concepts, Cases and Applications***, New Delhi, Pearson Education,

Chhokar, Kiran B, Mamata Pandya and Meena Ragunatha (Eds),2004, ***Understanding Environment***, New Delhi: Sage Publications.

Day, Robert , A, ***1998, How to Write and Publish a Scientific Paper***, *Cambridge University Press.*

Gore. M.M and Bryant.C, Stockmayer.S.M, ***Science Communication in Theory and Practice.***

Kothari Ashok, Neema Pathik, R.V. Anuradha & Bansuri Taneja (Eds), 2004,***Communities and Conservation***, New Delhi: Sage Publications.

Lars Lindberg, Christensen,2007, ***The Hands-On Guide For Science Communicators: A Step-by-Step Approach to Public Outreach***, Springer.

Paradis, James G, Muriel L. Zimmerman, 2002, ***The MIT Guide to Science and Engineering Communication***,Cambridge, Massachusetts: MIT Press.

Parikh, Jyoti(Ed),2002, ***Sustainable Management of Wetlands***, New Delhi: Sage Publications.

Philips.H, ***Science and Education in Under developing states.***

Raymond, Lesik (Edt), 2000, ***Basic Business Communications***, New Delhi: Tata Mc Graw Hill.

Roger Jeffery, Nandini Sundar, 1999, ***A New Moral Economy for India's Forests?: Discourses of Community and Participation,*** New Delhi: Sage Publications.

Scott, Ober, 2007, ***Contemporary Business Communication,*** Cengage Learnings.

Singh, Katar and Vishwa Ballabh (Eds), 2001, ***Cooperation Management of Natural Resources,*** New Delhi: Sage Publications.

Singh, Nirmal, (Edt), 2006, ***Business Communication: Principles Methods and Techniques,*** Deep and Deep Publications.

Snyder, Peter J. Linda C. Mayes, Dennis D. Spencer, 2010, ***Science and the Media Delgado's Brave Bulls and the Ethics of Scientific Disclosure***, Academic Press.

Sundararajan. N, 2005, ***Effective Business Communications,*** Chennai, Ernakulam, Sura Books.

## MU MCJ 5315 പൊതുഐച്ഛികം

(i) ഫോട്ടോ ജേണലിസം

(ii) റൂറൽ കമ്യൂണിക്കേഷൻ (ഗ്രാമീണ വിനിമയം)

(iii) മാധ്യമ വിമർശതത്വവാദം – മക് ലൂഹൻ വായന
(Critical Theories of Media- Reading, McLuhan)

## MU MCJ 5315 (i) ഫോട്ടോ ജേണലിസം

### യൂണിറ്റ് 1

### ഒരു ചിത്രം (A Snap)

ഫോട്ടോജേണലിസത്തിന് ഒരാമുഖം. വിവിധതരം ഫോട്ടോഗ്രാഫുകൾ ന്യൂസ് ഫോട്ടോഗ്രാഫി, പരസ്യഫോട്ടോഗ്രാഫി, വന്യജീവി ഫോട്ടോഗ്രാഫി, കായിക വാർത്താഫോട്ടോഗ്രാഫി. ഫോട്ടോ ജേണലുകൾ, മാഗസിനുകൾ ,വാർ ഫോട്ടോ ഗ്രാഫി, പ്രൊഫൈൽ, പ്രമുഖ ഫോട്ടോ ജേണലിസ്റ്റുകൾ ഇന്ത്യയിലും അന്തർദേ ശീയതലത്തിലും.

### യൂണിറ്റ് 2

### ഫോട്ടോഗ്രാഫിയും ജേണലിസവും

ഫോട്ടോ ജേണലിസത്തിന്റെ സാധ്യതയും, പ്രസക്തിയും. ഫോട്ടോഗ്രാഫർ- ന്യൂസ് ഫോട്ടോഗ്രാഫർ- ഫോട്ടോ ജേണലിസ്റ്റ്. ന്യൂസ് ഫോട്ടോഗ്രാഫറും മറ്റു ഫോട്ടോ ഗ്രാഫുകളും . ന്യൂസ് ഫോട്ടോഗ്രാഫിയിലെ നൈതികത, സ്റ്റിൽ ലൈഫും ചലി ക്കുന്ന വസ്തുക്കളും, ഫോം-ടെസ്ചർ-മറ്റ്-ഗ്ലോസ്സി-ഷൈനിങ്ങ് വസ്തുക്കളുടെ ഫോട്ടോഗ്രാഫി.

### യൂണിറ്റ് 3

### ഡിജിറ്റൽ ഫോട്ടോഗ്രാഫി

അനലോഗ്- ഡിജിറ്റൽ ഫോട്ടോഗ്രാഫി. മനുഷ്യന്റെ കണ്ണും ക്യാമറക്കണ്ണും. ഫോട്ടോഗ്രാഫിയിൽ ദീപവിതാനവും നിയന്ത്രണവും. ഹാർഡ് ലൈറ്റ്- സോഫ്റ്റ് ലൈറ്റ്. ഫോട്ടോ - ആസ്വാദനം (appreciation), വശ്യത (appeal), പ്രഭാവം (effect), പ്രേരണ (persuasion), ഫോർഗ്രൗണ്ട്, ഒബ്ജക്ട്, ബാക്ക് ഗ്രൗണ്ട്-സൈഡ് ബാർസ്, ഹെഡ് - ലെഗ്ഗ് സ്പേസ്, ഡയഗണൽ, ലീഡിങ്ങ് ലെൻസ്, ഫിൽ ദി ഫ്രെയിം, ഫ്രിഞ്ചിങ്ങ്.

### യൂണിറ്റ് 4

### ഫോട്ടോഗ്രാഫി ഉപകരണങ്ങൾ

ക്യാമറ തരങ്ങൾ -ഉപയോഗങ്ങൾ, പ്രൊഫഷണൽ ക്യാമറ ലെൻസുകൾ, ക്യാമറ സാമഗ്രികൾ, ഫ്രേമിങ്ങും ഫോക്കസിങ്ങും. ഡെപ്ത് ഓഫ് ഫീൽഡ്, റൂൾ ഓഫ്

തേഡ് സിദ്ധാന്തങ്ങൾ. ഹാൻഡ് ഹെൽഡ് ക്യാമറ, ട്രൈപോഡ് മൗണ്ടഡ് ക്യാമറ പ്രവർത്തനം. അപ്പർച്ചർ, ഫോക്കൽലെങ്ങ്ത്, ഡീപ് ഫോക്കസ്,ഷാലോ ഫോക്കസ്.

**യൂണിറ്റ് 5**

**ഫോട്ടോ എഡിറ്റിങ്**

കോപ്പിയിങ്ങ്, ഫോർമാറ്റിങ്ങ്, ട്രാൻസ്ഫറിങ്ങ്. ഫോട്ടോഗ്രാഫി എഡിറ്റിങ്ങ് സിസ്റ്റം, സോഫ്റ്റ്‌വെയറുകൾ, ക്രോപ്പിങ്ങ്, റിസൈഡിങ്ങ്, സ്കേലിങ്ങ്, ടോണിങ്ങ്, ഡി.പി.ഐ.യും റസലൂഷനും. പ്രിന്റിങ്ങ് വലിപ്പം, ഗുണം. ഫോട്ടോ എസ്സേ, ആൽബം നിർമാണം.

**സഹായകഗ്രന്ഥങ്ങൾ**


Bavister, Steve, 2000, ***Digital Photography: a beginners Guide to Photography:*** Collins & Brown

Deshpande, B.K, 2007, ***Photo Journalism,*** NewDelhi: Sonali Publishers

Hilton, Jonathan, 1997, ***Action Photography (Pro-Photo):*** RotoVision

Hoy, Frank, 1993, ***Photo Journalism: The Visual Approach:*** Prentice Hall

Langton, Loup, 2009, ***Photo Journalism and Today's News: Creating Visual Reality:*** John Wiley & sons

Lewis, Greg, 1995, ***Photo Journalism: Content & Technique,*** Brown & Benchmark

Rothstein, Arthur, 2012, ***Photo Journalism: Pictures for Magazines and Newspapers:*** Literary Licensing

Salomon, Allyn, 1988, ***Advertising Photography:*** Amphoto Books

Sammon, Rick, 2003, ***Complete Guide to Digital Photography:*** W.W.Norton & company

Scharf, Aaron, 1976, ***Pioneers of Photography: an album of pictures and words:*** H.N.Abrams

Walden, Scott, 2010, ***Photography and Philosophy: Essays on the Pencil of Nature:*** Wiley Blackwell

Wells, Liz, 2003, ***The Photography Reader:*** Routledge

## MU MCJ 5315 (ii) ഗ്രാമീണ വിനിമയം

### യൂണിറ്റ് 1

### വികസന സങ്കൽപം, ചരിത്രം

ഗ്രാമീണ ജനത എന്ന സങ്കല്പം, സ്ഥലരാശി, സാമൂഹിക, സാംസ്കാരിക കാഴ്ചപ്പാടുകൾ - വികസന സങ്കല്പം, ഗ്രാമീണ വികസന ചരിത്രം- സ്വാതന്ത്ര്യപൂർവ്വ -സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഗ്രാമീണ വികസന ഘടന, സുസ്ഥിര വികസനം, വികസനത്തിലെ പ്രശ്നങ്ങൾ , വികാസ- വിതരണ ദ്വന്ദ്വങ്ങൾ, കാർഷിക വികസനവും വ്യവസായ വികസനവും.

### യൂണിറ്റ് 2

### ഗ്രാമീണ വിനിമയം, സാധ്യതകൾ

ഗ്രാമീണ വിനിമയം- നിർവചനം, പ്രകൃതം, ഗ്രാമീണ വിനിമയത്തിന്റെ സാധ്യതകൾ- സമകാലിക സങ്കൽപത്തിൽ ഗ്രാമീണ വിനിമയത്തിന്റെ വ്യത്യസ്ത സമീപനങ്ങൾ- എം. ജി. എൻ. ആർ. ഇ. ജി. എ. (MGNREGA),സാമൂഹിക, സാമ്പത്തിക പങ്കാളിത്തം.

### യൂണിറ്റ് 3

### ഗ്രാമീണ വികസനം, സ്ത്രീശാക്തീകരണം

മാധ്യമങ്ങളും ഗ്രാമീണ വിനിമയവും- അച്ചടി, റേഡിയോ, ടിവി, ഐസിടി - ഗ്രാമീണ വികസനത്തിൽ നവമാധ്യമങ്ങളുടെ സാധ്യത, ഡിജിറ്റൽ ജനാധിപത്യം - അക്ഷയ ഇ കേന്ദ്രങ്ങൾ, ഇ ഗവേണൻസ്, മാധ്യമങ്ങളും മനുഷ്യാവകാശവും, സ്ത്രീ ശാക്തീകരണം- കേരളത്തിലെ മുന്നേറ്റങ്ങൾ- കുടുംബശ്രീ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ- വികസനവും സ്ത്രീകളുടെ പങ്കും (WID & WADI)

### യൂണിറ്റ് 4

### സാമ്പ്രദായിക മാധ്യമങ്ങൾ

ഗ്രാമീണ വിനിമയത്തിന് ഉതകുന്ന സാമ്പ്രദായിക മാധ്യമങ്ങൾ- നാടൻ മാധ്യമ

ങ്ങൾ - വാമൊഴി സാഹിത്യം, പാരിസ്ഥിതിക ബോധവത്കരണവും കാർഷിക പരിപാടികളും - സന്നദ്ധസംഘടനകൾക്ക് ഗ്രാമീണ വികസനത്തിലുള്ള പങ്ക് - സ്വയംസഹായ സംഘങ്ങളുടെ ഇടപെടൽ (SHG)

### യൂണിറ്റ് 5

### വിനിമയ മാതൃകകൾ

ഹെൽത്ത് കമ്യൂണിക്കേഷൻ - വികസന സഹായ വിനിമയത്തിന്റെ പ്രാധാന്യവും സാധ്യതകളും (DSC), സാമൂഹിക മാറ്റങ്ങൾക്കുള്ള വിനിമയ മാതൃകകൾ (CFSC), മാധ്യമങ്ങളും ഹെൽത്ത് കമ്യൂണിക്കേഷനും - മാധ്യമങ്ങളിലെ അനുബന്ധ പരിപാടികൾ റിപ്പോർട്ടിങ്ങ് രീതി.

**പ്രോജക്ട്-** സന്നദ്ധസംഘടനകളുടെ പ്രവർത്തനത്തിലെ ഗ്രാമീണ വിനിമയ പദ്ധതിയെക്കുറിച്ചുള്ള അവലോകനം.

### സഹായകഗ്രന്ഥങ്ങൾ


Bhose, Joel S.G.R, ***NGO's and Rural Development : Theory and Practice,*** New Delhi: Concept.

Desai, Vasant, 2005, ***Rural Development in India: Past, Present and Future: a Challenge in the Crisis,*** New Delhi: Himalaya Publishers.

Jain, Rashmi, ***Communicating Rural Development- Strategies and Alternatives,*** New Delhi: Rawat Publications.

Melkote, Srinivas R, Steeves.H, Leslie, 2001, ***Communication for Development in the Third World: Theory and Practice for Empowerment.***

Rau. S.K, 2001, ***Global search for Rural Development,*** New Delhi: National Institute of Rural Development.

Rogers, Everett.M, 1977, ***Communication and Development: Critical Perspectives,*** New Delhi, Sage Publications.

Sen, Amartya,1984, ***Resources, Values and Development,*** Massachusetts, England, Harvard University Press.

## MU MCJ 5315 (iii) മാധ്യമ വിമർശതത്വവാദം –

## മക് ലൂഹൻ വായന

### യൂണിറ്റ് 1

### വാർത്താ സങ്കേതങ്ങൾ, മാധ്യമ നിർമിതി

മാധ്യമങ്ങൾ – സ്വാഭാവികതയും നിർമിതിയും, മാധ്യമ നിർമിതിയുടെ ആഗോള പശ്ചാത്തലം– വാർത്താ ഏജൻസികളുടെ പക്ഷപാതിത്വം – ബിഗ് ഫോർ എന്ന സങ്കല്പം – വാർത്താ ഉറവിടം, മാധ്യമം, സ്വീകർത്താവ് എന്ന അടിസ്ഥാന വിനിമയ ആശയം– വാർത്താ സങ്കേതങ്ങളുടെ പാശ്ചാത്യ സ്വഭാവം– ഇന്ത്യൻ പരിസരം.

### യൂണിറ്റ് 2

### മാധ്യമങ്ങളുടെ വ്യത്യസ്തത

പരമ്പരാഗത മാധ്യമങ്ങൾ– ഉഷ്ണ ശീത മാധ്യമങ്ങൾ, നവമാധ്യമങ്ങൾ– മാധ്യമങ്ങൾ ജീവിത ശൈലിയുടെ അനുബന്ധം എന്ന നിലയിൽ– മാധ്യമ നൈതികത, മാധ്യമ ധാർമികത, മൂല്യം ഇവയുടെ നിലനിൽപ് മുഖ്യധാരയിലും പാർശ്വവത്കൃത സമൂഹങ്ങളിലും. മാധ്യമ സാക്ഷരത എന്ന സങ്കല്പം മാധ്യമങ്ങളിലും സ്വീകർത്താക്കളിലും.

### യൂണിറ്റ് 3

### വിനിമയ സിദ്ധാന്തങ്ങൾ, ദൃശ്യമാധ്യമ ചരിത്രം

മാധ്യമ സ്വഭാവവും വിനിമയ സിദ്ധാന്തങ്ങളുടെ പശ്ചാത്തലവും–അരിസ്റ്റോട്ടിൽ,ലാസ് വെൽ, ഷ്രാം, ലേണർ, നോറ സി ക്യുബ്രൽ. മക് ലൂഹൻ –പ്രായോഗിക സിദ്ധാന്തങ്ങളുടെ വക്താവ്– ആമുഖം– അടിസ്ഥാന സിദ്ധാന്തങ്ങൾ– പ്രയോഗ പരിസരം– നിരീക്ഷണ സാമഗ്രികളുടെ പ്രത്യേകത– പുതിയ ഭാവുകത്വം മാധ്യമ സിദ്ധാന്തങ്ങളിൽ– മക് ലൂഹൻ സിദ്ധാന്തങ്ങളുടെ കാലഗണനയും ദൃശ്യമാധ്യമ ചരിത്രവും.

## യൂണിറ്റ് 4

## സാഹിത്യവും മാധ്യമങ്ങളും

സാഹിത്യവും മാധ്യമങ്ങളും- ജയിംസ് ജോയ്സിന്റെ രചനകളെ അധികരിച്ച് മക് ലൂഹൻ നടത്തിയ നിരീക്ഷണങ്ങൾ - ദൃശ്യ സംസ്കാരം- ഹാരോൾഡ് ഇന്നി സിന് വരുത്തിയ തിരുത്തൽ - വിഡിയോഡ്രോം, ഉപരിപ്ളവ സംഭവങ്ങൾ, അതി യാഥാർത്ഥ്യം, നാർസിസിസ്, നാർകോസിസ്, ബോദ്രിലാർദ് നിരീക്ഷണങ്ങളുമാ യുള്ള ചാർച്ച, ഫോട്ടോഗ്രാഫിയെക്കുറിച്ചുള്ള മക് ലൂഹൻ സങ്കല്പനം.

## യൂണിറ്റ് 5

## നവമാധ്യമങ്ങൾ, നിർമിതികൾ

മാധ്യമ പ്രഭാവം, ഘടനയും ഉള്ളടക്കവും - സ്വാധീനിക്കാവുന്ന ഘടകങ്ങൾ- സാമൂഹിക മൂല്യോല്പാദനവും സാങ്കേതികതാ വ്യാപനവും - ഉത്തരാധുനിക മാധ്യമ സിദ്ധാന്തലോകം- ചരിത്രം. നവമാധ്യമങ്ങളുടെ വികേന്ദ്രീകൃത മാധ്യമ നിർമിതി, ഘടനാപുനരാഖ്യാനം. കേരളത്തിലെ പുതിയ പൗരസമൂഹ നിർമിതിയും മാധ്യമ ഭാവുകത്വവും - മക് ലൂഹൻ സിദ്ധാന്തങ്ങളുടെ പ്രശ്നപരിസരത്തിൽ. ജനാധിപത്യവും മാധ്യമങ്ങളും ഘടനാപരമായ സന്ദിഗ്ധതകളും പൊരുത്തങ്ങ ളും.

### സഹായകഗ്രന്ഥങ്ങൾ


Baudrillard, Jean, 2005,- ***The Consumer Society: Myths & Structures***, London/ New Delhi, Sage Publications.

Debord, Guy, 1988, ***The Society of the Spectacle***, Soul Bay Press.

McQuail, Denis,2005, ***Mass Communication Theory***, London / New Delhi, Sage Publications.

Fiske, John, 2010, ***Understanding Popular Culture.*** London / NewYork, Routledge

Innis, Harold, 1995, ***The Bias of Communication***, *Toronto:* University of Toronto Press.

McLuhan, Marshall,1967, ***The Mechanical Bride: Folklore of Industrial Man***, Beacon Press.

McLuhan, Marshall,1962, ***The Gutenberg Galaxy: The Making of Typographic Man***, University of Toronto Press.

Mc Luhan, Marshall, 1965, ***Understanding Media: The Extensions of Man***, McGraw Hill.

McLuhan,Marshall,1964, ***Notes on Burroughs***, *London/*New Delhi,Sage Publications

Zizek, Slavoj,2009, ***The Sublime Object of Ideology***, London/NewYork, Verso.

# പരീക്ഷ - അടിസ്ഥാന വിവരങ്ങൾ; വ്യവസ്ഥകൾ

## അധ്യയന മാധ്യമവും പരീക്ഷയും

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ നടത്തുന്ന ഏതു കോഴ്സിന്റെയും അധ്യയന മാധ്യമം മലയാളഭാഷയായിരിക്കും. പരീക്ഷയും മലയാളത്തിലായിരിക്കും.

പ്രബന്ധം, പ്രോജക്ട്, ഫീൽഡ്വർക്ക് റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുന്നതും മലയാളത്തിലായിരിക്കും.

## പരീക്ഷ വ്യവസ്ഥ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ എല്ലാ പാഠ്യപദ്ധതികളും സെമസ്റ്റർ വ്യവസ്ഥയിൽ ക്രമീകരിച്ച് നിരന്തര ആഭ്യന്തരമൂല്യനിർണയം നടത്തി, ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ (CBCS) വ്യവസ്ഥയാണ് പിൻതുടരുന്നത്.

## മൂല്യനിർണയം

| | |
|---|---|
| ആഭ്യന്തര മൂല്യനിർണയം | 20% |
| മധ്യസെമസ്റ്റർ പരീക്ഷ | 20% |
| സെമസ്റ്ററന്ത്യ പരീക്ഷ | 60% |

## ആഭ്യന്തര മൂല്യനിർണയം

പഠനമികവ് പരിശോധിക്കുന്നതും മൂല്യനിർണയം നടത്തുന്നതും രണ്ടുതരത്തിലാണ്. തുടർപരിശോധനകളിലൂടെയുള്ള അഭ്യന്തരവിലയിരുത്തലും സെമസ്റ്റർ അവസാന പരീക്ഷാവിലയിരുത്തലും. ഒരു കോഴ്സ്കാലാവധിക്കുള്ളിൽ നിരന്തരമായി ഒരു വിദ്യാർത്ഥിയെ വിലയിരുത്തുന്നതിന് 40 മാർക്കാണ്. കോഴ്സ് നടത്തുന്ന അധ്യാപകർ താഴെകാണിക്കുന്ന തലങ്ങളിലാണ് അഭ്യന്തരവിലയിരുത്തൽ നടത്തേണ്ടത്.

| | | |
|---|---|---|
| ഹാജർ | – | 5 മാർക്ക് |
| മധ്യസെമസ്റ്റർ പരീക്ഷ | – | 20 മാർക്ക് |
| അസ്സൈൻമെന്റ് | – | 10 മാർക്ക് |
| സെമിനാർ | – | 5 മാർക്ക് |
| **ആകെ** | – | **40 മാർക്ക്** |

## ഹാജർ

ഹാജർ 75% ത്തിൽ കുറവാണെങ്കിൽ സെമസ്റ്റർ അന്ത്യപരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

ഓരോ വിഷയവും പഠിപ്പിക്കുന്ന അധ്യാപകർ ഹാജർ സൂക്ഷിക്കുന്നതാണ്.

ഹാജർ 75% ത്തിൽ കുറഞ്ഞവരുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും.

ഹാജർ നില 65% മുകളിലും 75% താഴെയുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരീക്ഷ എഴുതാൻ ഇളവ് അനുവദിക്കും. ഹാജർ 65% ത്തിൽ കുറവുള്ളവർക്ക് ഒരു കാരണവശാലും പരീക്ഷ എഴുതാൻ അനുവാദം കൊടുക്കുന്നതല്ല.

## മധ്യസെമസ്റ്റർ പരീക്ഷ

സെമസ്റ്റർ പകുതിയാകുമ്പോൾ ഒരു ആഭ്യന്തര പരീക്ഷ നടത്തുന്നതാണ്.

## അസ്സൈൻമെന്റ്

മധ്യസെമസ്റ്റർ പരീക്ഷയ്ക്ക് മുമ്പായി വിദ്യാർത്ഥികൾ അസ്സൈൻമെന്റ് സമർപ്പിച്ചിരിക്കണം.

## സെമിനാർ

എല്ലാ സെമസ്റ്ററിലും എല്ലാ വിഷയത്തിലും വിദ്യാർത്ഥികളുടെ സെമിനാർ നിർബന്ധമാണ്.

അതതു വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ചോദ്യമുണ്ടാക്കാനും പരീക്ഷാ പരിശോധകരാകാനും അർഹരാണ്.

വകുപ്പദ്ധ്യക്ഷൻ, അതത് വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകൻ, ഡീൻ ശുപാർശ ചെയ്യുന്ന പുറമേനിന്നുള്ള ഒരദ്ധ്യാപകൻ എന്നിവരടങ്ങുന്ന പാനലിനാണ് വൈവാ, പ്രാക്ടിക്കൽ എന്നീ പരീക്ഷകളുടെ നടത്തിപ്പ് ചുമതല.

## ചോദ്യക്കടലാസിന്റെ ഘടന

ഓരോ വിഷയത്തിലും തയ്യാറാക്കുന്ന ചോദ്യക്കടലാസിൽ വിവിധ ഭാഗങ്ങൾ ഉണ്ടായിരിക്കും. ഒന്നാം ഭാഗത്തിൽ ഒരു മാർക്ക് വീതമുള്ള 10 ചോദ്യങ്ങൾ.

രണ്ടാം ഭാഗത്തിൽ അഞ്ചുമാർക്കുവീതമുള്ള 8 ചോദ്യങ്ങളിൽ നിന്ന് ആറെണ്ണത്തിന് ഉത്തരം എഴുതണം.

മൂന്നാം ഭാഗത്തിൽ 10 മാർക്ക് വീതമുള്ള മൂന്നു ചോദ്യങ്ങളിൽ നിന്ന് രണ്ടെണ്ണത്തിനുത്തരമെഴുതണമെന്നാണ് നിബന്ധന.

പരീക്ഷാ സമയം - 60 മാർക്കിനുള്ള പരീക്ഷാസമയം മൂന്നു മണിക്കൂറായി നിജപ്പെടുത്തിയിരിക്കുന്നു.

മധ്യസെമസ്റ്റർ പരീക്ഷയ്ക്ക് മൊത്തം സിലബസിന്റെ 50% അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യപേപ്പർ. അധികവായനയ്ക്ക് പ്രേരിപ്പിക്കുന്നവിധത്തിലായിരിക്കും ചോദ്യപേപ്പർ.

സെമസ്റ്ററന്ത്യ പരീക്ഷയ്ക്കുള്ള ചോദ്യാവലിയിൽ സിലബസ് മുഴുവൻ ഉൾപ്പെടും. സിലബസിലെ എല്ലാ യൂണിറ്റുകളിൽ നിന്നും ചോദ്യങ്ങളുണ്ടായിരിക്കും.

**എല്ലാ സെമസ്റ്ററിലും ആഭ്യന്തരമൂല്യനിർണ്ണയവും ബാഹ്യമൂല്യനിർണ്ണയവും നിർബ ന്ധമാണ്. അവസാന സെമസ്റ്റർ പരീക്ഷയുടെ ചോദ്യാവലി പൂർണ്ണമായും പുറത്തു നിന്നുള്ള അദ്ധ്യാപകരാകും തയ്യാറാക്കുക.**

**പ്രാക്ടിക്കൽ വിഷയങ്ങൾ, പ്രോജക്റ്റ് റിപ്പോർട്ട്, പ്രബന്ധം തുടങ്ങിയവയും ആഭ്യ ന്തര ബാഹ്യമൂല്യനിർണയത്തിന് വിധേയമാക്കും.**

## ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പരീക്ഷാ സഹായം

മൂന്നു മണിക്കൂറുള്ള പരീക്ഷയിൽ അരമണിക്കൂർ സമയം അധികമായി കാഴ്ച–ശ്രവണ പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് ലഭിക്കും.

പാസ്സാകാൻ വേണ്ട 40% മാർക്ക് ഏതെങ്കിലും സാഹചര്യത്തിൽ ലഭിക്കാതെ വന്നാൽ ഈ വിദ്യാർത്ഥികൾക്ക് G.O. (Ms.)No:13/2013/H.Edn. Dated 16.01.2013 പ്രകാരം മൊത്തം മാർക്കിന്റെ 25% മോഡറേഷൻ അനുവദിക്കുന്നതാണ്.

സർക്കാർ പുറപ്പെടുവിക്കുന്ന മറ്റ് ആനുകൂല്യങ്ങളും യഥാസമയം പരീക്ഷാ വ്യവസ്ഥ യിൽ ഉൾപ്പെടുത്തും.

## ഗ്രേഡ് നിശ്ചയിക്കൽ

ആഭ്യന്തര - ബാഹ്യ മൂല്യനിർണയത്തിനുശേഷം അതത് വിഭാഗങ്ങളിലെ അദ്ധ്യാപക സമിതിയും പുറത്തുനിന്നെത്തുന്ന പരിശോധകരും ചേർന്ന സമിതിയാണ് ഓരോ കോഴ്സിന്റെയും ശരാശരിമാർക്ക് നിജപ്പെടുത്തി ഗ്രേഡ് നിശ്ചയിക്കുന്നത്. O, A+, A, B+, B, C+, C, F, AB എന്നിങ്ങനെ വ്യത്യസ്ത ഗ്രേഡുകളുണ്ട്. F തോൽവിയെ സൂചിപ്പിക്കു ന്നു. C യും അതിനുമുകളിലുള്ള ഗ്രേഡുകളും വിജയത്തെ സൂചിപ്പിക്കുന്നു. തുടർന്നുള്ള മൂല്യനിർണയവും സെമസ്റ്റർ അവസാന പരീക്ഷാഫലവും സംയുക്തമായി കണക്കി ലെടുത്താണ് ഗ്രേഡ് തീരുമാനിക്കുന്നത്. ഒപ്പം തന്നെ, ഒരു വിഷയത്തിൽ ജയിച്ച കുട്ടി കളുടെ മാർക്കിന്റെ ശരാശരിയും കണക്കിലെടുക്കും.

| **ഗ്രേഡ്** | **ഗ്രേഡ് പോയിന്റ്** | **% മാർക്ക്** |
|---|---|---|
| O | 10 | 100 % |
| A+ | 9 | 90 - 99.9 % |
| A | 8 | 80 - 89.9 % |
| B+ | 7 | 70 - 79.9 % |
| B | 6 | 60 - 69.9 % |
| C+ | 5 | 50 - 59.9 % |
| C | 4 | 40 - 49.9 % |
| F | 0 | Less than 40 |
| AB | 0 | Absent |

ഗ്രേഡ് പോയിന്റും, ക്രെഡിറ്റ് പോയിന്റും താഴെകാണിക്കും പ്രകാരം കണക്കിലെടുക്ക ണം.

**ഒരു സെമസ്റ്ററിൽ ശരാശരി ഗ്രേഡ് തീരുമാനിക്കുന്ന രീതി**

ഓരോ വിഷയത്തിനും/കോഴ്സിനും നേടുന്ന ഗ്രേഡിനെ അതത് വിഷയത്തിന്റെ ക്രെഡി

റ്റുകളുടെ എണ്ണംകൊണ്ട് ഗുണിച്ചുകിട്ടുന്ന ഫലമാണ് ആ വിഷയത്തിന്റെ ക്രെഡിറ്റ് പോയിന്റ്. എല്ലാ വിഷയങ്ങളിലുമായി ലഭിക്കുന്ന ക്രെഡിറ്റ് പോയിന്റ് മൊത്തം നേടിയ ക്രെഡിറ്റുകൊണ്ട് ഹരിച്ചുകിട്ടുന്നതാണ് SGPA.

## SGPA (Semester Grade Point Average)

ഒരു സെമസ്റ്ററിലെ ശരാശരി ഗ്രേഡ് പോയിന്റ് (SGPA) കണക്കാക്കുന്നത് താഴെപറയും പ്രകാരമാണ്.

ഓരോ വിഷയത്തിനും നേടുന്ന ക്രെഡിറ്റ് പോയിന്റ് കൂട്ടി കിട്ടുന്ന ഫലത്തെ ആ സെമസ്റ്ററിൽ നേടുന്ന മൊത്തം ക്രെഡിറ്റുകളുടെ എണ്ണംകൊണ്ട് ഹരിച്ചുകിട്ടുന്ന ഫലമാണ് SGPA.

SGPA (Si) = S (Ci x Gi) / SCi

Ci - ഓരോ കോഴ്സിലെയും ക്രെഡിറ്റുകളുടെ എണ്ണം.

Gi - ഓരോ കോഴ്സിലും നേടുന്ന ഗ്രേഡ്.

| Course | Credit | Grade letter | Grade point | Credit Point (Credit x Grade) |
|---|---|---|---|---|
| Course 1 | 4 | A | 8 | 4 x 8 = 32 |
| Course 2 | 4 | $B^+$ | 7 | 4 x 7 = 28 |
| Course 3 | 4 | B | 6 | 4 x 6 = 24 |
| Course 4 | 4 | $C^+$ | 5 | 4 x 5 = 20 |
| Course 5 | 4 | C | 4 | 4 x 4 = 16 |
| **20** | | | | **120** |

Thus, **SGPA = 120/20= 6**

### CGPA (Cumulative Grade Point Average)

ഓരോ സെമസ്റ്ററിലും ഓരോ വിഷയത്തിലും നേടുന്ന ക്രെഡിറ്റ് പോയിന്റിനെ ആ സെമസ്റ്ററിൽ നേടിയ SGPA അതുവരെ നേടിയ മൊത്തം ക്രെഡിറ്റുകളുടെ എണ്ണംകൊണ്ട് ഹരിച്ചുകിട്ടുന്ന ഫലമാണ് CGPA.

CGPA =S(Ci x Si)/SCi

Si - കോഴ്സിന്റെ SGPA

Ci - സെമസ്റ്ററിലെ മൊത്തം ക്രെഡിറ്റുകളുടെ എണ്ണം

| Semester - 1 | Semester - 2 | Semester - 3 | Semester - 4 |
|---|---|---|---|
| Credit : 20 | Credit : 20 | Credit : 20 | Credit : 20 |
| SGPA : 6.9 | SGPA : 7.8 | SGPA : 5.6 | SGPA : 6.0 |

CGPA 10, 9 നേടുന്ന വിദ്യാർത്ഥികൾക്ക് ഡിസ്റ്റിംഗ്ഷനോടുകൂടിയ ഫസ്റ്റ്ക്ലാസും, 9ൽ താഴെ 6.5 വരെ ഫസ്റ്റ്ക്ലാസും 5 മുതൽ 6.5 വരെ വരുന്നവർക്ക് സെക്കന്റ്ക്ലാസും, 4 മുതൽ 5 വരെയുള്ളവർക്ക് തേർഡ് ക്ലാസുമാണ് ലഭിക്കുക.

## പരീക്ഷാഫലപ്രഖ്യാപനം

പരീക്ഷകഴിഞ്ഞ് സാധാരണഗതിയിൽ രണ്ടാഴ്ചക്കുള്ളിൽ വകുപ്പദ്ധ്യക്ഷൻ പരീക്ഷാഫലം പ്രസിദ്ധീകരിക്കും. ഫലംപ്രസിദ്ധീകരിച്ച്, മൂന്നു പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ പരാതി യുള്ള വിദ്യാർത്ഥികൾ വകുപ്പദ്ധ്യക്ഷനെ രേഖാമൂലം പരാതി അറിയിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് സ്വന്തം ഉത്തരക്കടലാസ് കാണാനുള്ള അവസരമുണ്ടായിരിക്കും. പരാതി ഉന്നയിച്ച വിദ്യാർത്ഥിയെ അദ്ധ്യാപക സമിതിയുടെ മുന്നിൽ വിളിച്ചുവരുത്തി പരാതി നേരിൽകേട്ട് വകുപ്പദ്ധ്യക്ഷൻ ഉചിതമായ പരിഹാരം കാണും. തുടർന്നും വിദ്യാർത്ഥിക്ക് പരാതിയുണ്ടെങ്കിൽ, CBCS സെല്ലിൽ പരാതി നൽകാം. CBCS ഡയറ ക്ടർ/പരീക്ഷാകൺട്രോളറുടെ നടപടി അന്തിമമായിരിക്കും.

## മാർക്ക് ഷീറ്റ്/ഗ്രേഡ് കാർഡ്

സർവകലാശാലയുടെ സീലോടുകൂടിയ അംഗീകൃത മാർക്ക് ഷീറ്റ്/ഗ്രേഡ് കാർഡ് എല്ലാ സെമസ്റ്ററിന്റെയും റിസൽറ്റായി വിദ്യാർത്ഥികൾക്ക് നൽകും. മാർക്ക് ഷീറ്റിൽ/ഗ്രേഡ് കാർഡിൽ താഴെപറയുന്ന വിവരങ്ങൾ രണ്ടുഭാഷയിൽ (മലയാളത്തിലും, ഇംഗ്ലീഷിലും) രേഖപ്പെടുത്തിയിരിക്കും.

### പ്രൊമോഷൻ

മധ്യ സെമസ്റ്റർ പരീക്ഷ, സെമിനാർ, അസൈൻമെന്റ് എന്നീ മാനദണ്ഡങ്ങൾ പൂർത്തി യാക്കാത്തവർ കോഴ്സ് പൂർത്തിയാക്കിയതായി കരുതുകയില്ല. അവരെ അന്ത്യ പരീക്ഷ എഴുതാനനുവദിക്കുകയില്ല. അത്തരം വിദ്യാർത്ഥികൾ പുനഃപ്രവേശനം നേടണം. അടുത്ത സെമസ്റ്ററിൽ ആ കോഴ്സുണ്ടെങ്കിൽ അതിൽ ചേരാം, അല്ലെങ്കിൽ പുതിയ കോഴ്സിൽ ചേരേണ്ടിവരും.

ലഭിക്കുന്ന ഗ്രേഡ് മെച്ചപ്പെടുത്താനുള്ള അവസരം വിദ്യാർത്ഥികൾക്കില്ല.

കോഴ്സ് ജയിക്കുവാൻ 40% മാർക്ക് ലഭിക്കേണ്ടതാണ്. തോറ്റ വിഷയങ്ങളുടെ ഗ്രേഡ്, ഗ്രേഡ് കാർഡിൽ രേഖപ്പെടുത്തുന്നതാണ്.

### പുനഃപരിശോധന

ഉത്തരക്കടലാസ് പുനഃപരിശോധന ആവശ്യമായവർ പരീക്ഷാഫലം പ്രസിദ്ധീകരിച്ച് ഒരാഴ്ചയ്ക്കുള്ളിൽ നിശ്ചിത ഫീസടച്ച് രസീതിനൊപ്പം കൺട്രോളർക്ക് അപേക്ഷ നൽകണം. ആ പരിശോധനാഫലം അന്തിമമായിരിക്കും.

### പരീക്ഷാ തിയതികൾ

എല്ലാ പരീക്ഷകളുടെയും തിയതികൾ അക്കാദമിക് കലണ്ടറിൽ നേരത്തേ പ്രഖ്യാപി ക്കും. ഒരിക്കൽ കലണ്ടറിൽ പ്രഖ്യാപിച്ച പരീക്ഷാ തിയതികൾ മാറ്റുന്നതല്ല.

### പരീക്ഷാ ക്രമക്കേടുകൾ

താഴെ പറയുന്ന കാര്യങ്ങൾ പരീക്ഷാക്രമക്കേടുകളായി കണക്കാക്കുന്നതാണ്.

1. അക്കാദമിക് കലണ്ടറിൽ പ്രഖ്യാപിച്ച പരീക്ഷാ തിയതിയും, പരീക്ഷാ സമയവും നിർബന്ധമായോ സ്വാധീനം ചെലുത്തിയോ മാറ്റാൻ ശ്രമിക്കുക.
2. പരീക്ഷാ ജോലിയിലേർപ്പെട്ടിരിക്കുന്ന അദ്ധ്യാപകരെയോ അനദ്ധ്യാപകരെയോ ഭീഷണിപ്പെടുത്തുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക.
3. പരീക്ഷാ സൂപ്രണ്ടിനെ ധിക്കരിക്കുക, അനുസരിക്കാതിരിക്കുക.
4. പരീക്ഷാ സൂപ്രണ്ടിനെയോ, പരീക്ഷാ ജോലിയിലേർപ്പെട്ടിരിക്കുന്ന അദ്ധ്യാപകരെയോ, അനദ്ധ്യാപകരെയോ സ്വാധീനിക്കുക.
5. സുഗമമായ പരീക്ഷാ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുക.
6. പരീക്ഷയുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ, മൊബൈൽ ഫോൺ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ അനുവാദമില്ലാതെ പരീക്ഷാ മുറിയിൽ കൊണ്ടുവരിക.
7. പകർത്തി എഴുതുക, കണ്ടെഴുതുക, ഉത്തരക്കടലാസ് അന്യോന്യം കൈമാറുക, കൈമാറാൻ ശ്രമിക്കുക, പരീക്ഷയെഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിശ്ചിത സമയത്തിനു മുൻപ് പരീക്ഷാ മുറിയിൽ പ്രവേശിച്ച് മേശയിലും ചുവരിലും ഇരിപ്പിടത്തിലും കുറിപ്പുകളെഴുതുക, പരീക്ഷാ വേളയിൽ ചർച്ചചെയ്യുക, ആൾമാറാട്ടം, നിർദ്ദിഷ്ട സ്ഥാനത്തുനിന്നും അനുവാദമില്ലാതെ മാറിയിരിക്കുക, പരീക്ഷ ബഹിഷ്കരിക്കുക വഴി പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിഘാതമുണ്ടാവുന്ന മറ്റെന്തെങ്കിലും പ്രവൃത്തികൾ എന്നിവ അച്ചടക്കലംഘനമായി കണക്കാക്കുന്നതാണ്.

പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരീക്ഷാ അച്ചടക്ക സമിതിയാണ് കൈകാര്യം ചെയ്യുക. പരീക്ഷാ കേന്ദ്രത്തിൽ ഏതെങ്കിലും സാഹചര്യത്തിൽ, സമ്പൂർണ ക്രമക്കേട് നടന്നുവെന്ന് ബോധ്യപ്പെട്ടാൽ, ആ പരീക്ഷ അസാധുവാക്കാനുള്ള അധികാരം വൈസ് ചാൻസലർക്കുണ്ട്. പുനഃപരീക്ഷ നിർദ്ദേശിക്കാനും ക്രമക്കേടിനുത്തരവാദികൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാനും വൈസ് ചാൻസലർക്ക് അധികാരമുണ്ട്.

## പരീക്ഷാ ക്രമക്കേടുകളുടെ തീവ്രതയനുസരിച്ച് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്

1. മേലിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടത്തില്ലായെന്നുറപ്പുനൽകുന്ന സാക്ഷ്യപത്രം വിദ്യാർത്ഥിയെക്കൊണ്ട് ഒപ്പിടുവിച്ച് വാങ്ങുന്നതാണ്.
2. ക്രമക്കേട് നടത്തിയ വിഷയത്തിലെ മാർക്കും, ഗ്രേഡും അസാധുവാക്കുക.
3. ആ സെമസ്റ്ററിലെ മുഴുവൻ പരീക്ഷകളിലും മാർക്കും ഗ്രേഡും കുറവു വരുത്തുക.
4. ക്രമക്കേട് നടത്തിയ വിഷയത്തിൽ ഏറ്റവും കുറഞ്ഞ ഗ്രേഡ് നൽകുക.
5. ആ സെമസ്റ്ററിലെ എല്ലാ പരീക്ഷകളിലും കുറഞ്ഞ ഗ്രേഡ് നൽകുക.
6. ആ സെമസ്റ്ററിലെ തുടർന്നുള്ള പരീക്ഷകളിൽ പങ്കെടുക്കുന്നതൊഴിവാക്കുക.
7. അഡ്മിഷൻ അസാധുവാക്കുക.

8. നിശ്ചിത കാലത്തേക്ക് മറ്റൊരു സ്ഥലത്തും പഠനപ്രവേശനം അനുവദിക്കാത്ത തരത്തിൽ സർവകലാശാലയിൽ നിന്ന് പുറത്താക്കുക.

9. സ്ഥിരമായി ഒരിടത്തും പ്രവേശനം ലഭിക്കാത്തതരത്തിൽ സർവകലാശാല വിദ്യാഭ്യാസം നിഷേധിക്കുക.

**വിദ്യാർത്ഥികൾക്കുള്ള മാർഗരേഖ**

1. സെമസ്റ്റർ അവസാനപരീക്ഷ എഴുതാൻ 75% ഹാജർ നിർബന്ധമാണ്, ഓരോ വിഷയത്തിനും ഓരോ സെമസ്റ്ററിലും 75% ഹാജർ ഇല്ലെങ്കിൽ പരീക്ഷ എഴുതാനുള്ള യോഗ്യത ഉണ്ടാവില്ല. പുതിയ സെമസ്റ്റർ ഫീസടച്ച് സെമസ്റ്റർ ആവർത്തിക്കാനെ ഇക്കൂട്ടർക്ക് അനുവാദമുള്ളൂ. ഏതെങ്കിലും വിഷയത്തിന് 75% ഹാജറിൽ കുറവുണ്ടെങ്കിൽ ആ വിഷയത്തിൽ പഠനം വീണ്ടും ആവർത്തിക്കേണ്ടിവരും.

2. ഒരു സെമസ്റ്ററിൽ കുറഞ്ഞത് 16 ക്രെഡിറ്റ് പൂർത്തിയാക്കാത്തവരെ അടുത്ത സെമസ്റ്ററിലേക്കുള്ള സ്ഥാനക്കയറ്റം അനുവദിക്കില്ല.

3. മുഖ്യ കോഴ്സുകളിലും, ഐച്ഛികവിഷയങ്ങളിലും സെമസ്റ്റർ അവസാന പരീക്ഷയിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷ അനുവദിക്കും.

4. സപ്ലിമെന്ററി പരീക്ഷയിലും തോറ്റാൽ കോഴ്സാവർത്തിക്കാനെ അനുവദിക്കുകയുള്ളൂ. അതായത്, വീണ്ടും ആഭ്യന്തര വിലയിരുത്തലിന് വിധേയമാകേണ്ടതുണ്ട്. ആ കോഴ്സ് ഡിപ്പാർട്ട്മെന്റ് പിന്നെ നടത്തുമ്പോൾ ആ വിദ്യാർത്ഥി ചേർന്ന് പഠിക്കണം. ഐച്ഛിക വിഷയത്തിലാണെങ്കിൽ പഴയ കോഴ്സ് വിട്ട് പുതിയ കോഴ്സ് തെരഞ്ഞെടുക്കാനനുവദിക്കും.

5. കോഴ്സ് പൂർത്തിയാക്കാത്തവരും കോഴ്സ് തോറ്റവരും കോഴ്സ് ആവർത്തിക്കുന്നതിലേക്കായി അപേക്ഷിക്കണം. സർവകലാശാല നിബന്ധനകൾക്ക് വിധേയമായേ കോഴ്സ് ആവർത്തിക്കാനനുവദിക്കുകയുള്ളൂ. വകുപ്പദ്ധ്യക്ഷനാണ് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

6. ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങൾ പരിഗണിച്ച് എം.എ. കോഴ്സ് പൂർത്തിയാക്കാനായി 8 സെമസ്റ്റർ വരെ മാത്രമെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുയുള്ളൂ. സർവകലാശാലയ്ക്ക് ബോധ്യംവരുന്ന കാരണങ്ങളടിസ്ഥാനമാക്കി ആയിരിക്കും അനുമതി നൽകുക. ടി.സി. വാങ്ങി കഴിഞ്ഞിട്ടുണ്ടെങ്കിൽ ഈ ഇളവ് അക്കൂട്ടർക്ക് ബാധകമായിരിക്കില്ല.

7. ഐച്ഛികവിഷയങ്ങൾ തിരഞ്ഞെടുക്കുന്നത് അക്കാദമിക ഉപദേശകരുടെ നിർദ്ദേശപ്രകാരമായിരിക്കണം.

8. ഒരു സെമസ്റ്ററിൽ 20 ക്രെഡിറ്റിൽ കൂടുതൽ മുഖ്യവിഷയങ്ങൾ പഠിക്കാനനുവദിക്കില്ല. ഒരു സെമസ്റ്ററിൽ 8 ക്രെഡിറ്റുകൾക്കുള്ള ഐച്ഛികവിഷയങ്ങൾ മാത്രമേ തിരഞ്ഞെടുക്കാനനുവദിക്കൂ.

9. പ്രബന്ധമുൾപ്പെടെ മുഖ്യവിഷയങ്ങളിൽ 60 ക്രെഡിറ്റുകൾക്കുള്ള വിഷയങ്ങൾ നിർബന്ധമായും പഠിച്ചിരിക്കണം. ഐച്ഛികവിഷയങ്ങളിൽ 12 ക്രെഡിറ്റുകൾക്കുള്ള വിഷയങ്ങൾ പഠിക്കേണ്ടത് നിർബന്ധമാണ്. മൊത്തം 72 (60+12) ക്രെഡിറ്റ് നേടണം. പഠനമികവ് പുലർത്തുന്നവർക്ക് 80 ക്രെഡിറ്റുവരെ അനുവദിക്കും.

10. ആഭ്യന്തര/ബാഹ്യ ഫലത്തെസംബന്ധിച്ചുള്ള പരാതികൾ ഫലം പ്രസിദ്ധീകരിച്ച് മൂന്നു ദിവസത്തിനുള്ളിൽ രേഖാമൂലം വകുപ്പദ്ധ്യക്ഷനെ അറിയിക്കണം.

11. ആഭ്യന്തര ഫലത്തെക്കുറിച്ച് അധ്യാപകയോഗത്തിനുശേഷം വകുപ്പദ്ധ്യക്ഷന്റെ തീരുമാനമുണ്ടാകും. അത് അന്തിമമായിരിക്കും.

12. ബാഹ്യഫലത്തെ സംബന്ധിച്ചുള്ള പരാതികളിന്മേലുള്ള വകുപ്പദ്ധ്യക്ഷന്റെ തീരുമാനത്തിൽ അതൃപ്തിയുള്ളവർക്ക് മേൽനടപടികൾക്കായി പരാതി CBCS ഡയറക്ടർ/പരീക്ഷാ കൺട്രോളർക്ക് നൽകാം. ഡയറക്ടർ/പരീക്ഷാ കൺട്രോളറുടെ തീരുമാനം ഇക്കാര്യത്തിൽ അന്തിമമായിരിക്കും.

13. സെമസ്റ്റർ കാലാവധി തീരുന്നതിനുമുൻപ് അദ്ധ്യാപകരെ വിദ്യാർത്ഥികൾക്ക് മൂല്യനിർണയം നടത്താൻ അവസരമുണ്ടാകും. വകുപ്പദ്ധ്യക്ഷൻ നിശ്ചിതഫാറം വിതരണം ചെയ്യും.

14. നിശ്ചിത വിഷയങ്ങളെക്കുറിച്ചോ പാഠ്യപദ്ധതിയെക്കുറിച്ചോ വിദ്യാർത്ഥികൾക്കുള്ള അഭിപ്രായം/നിർദ്ദേശം വകുപ്പദ്ധ്യക്ഷനെ അറിയിക്കാവുന്നതാണ്.